# യോഹന്നാന്റെ ജീവപഠനം

## ദൂത് നാല്

## ജീവനും കെട്ടുപണിക്കും ഉള്ള ഒരു അവതാരിക

## (3)

### III. ദൈവത്തിന്റെ കുഞ്ഞാടായ യേശു പ്രാവായ ആത്മാവോടൊപ്പം ദൈവത്തിന്റെ കെട്ടുപണിക്കായി കല്ലുകൾ ഉളവാക്കുന്നു

ഈ ദൂതിൽ, യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിന്റെ അവസാനഭാഗത്തേക്ക് നാം വരുന്നു(വാ.19–51). ഈ വേദഭാഗത്തിന്റെ മുഖ്യവിഷയം ദൈവകുഞ്ഞാടായ യേശു, പ്രാവായ പരിശുദ്ധത്മാവോടൊപ്പം, ദൈവാലയത്തിന്റെ കെട്ടുപണിക്കുവേണ്ടി മനുഷ്യപുത്രനോടുകൂടെ വിശ്വാസികളെ കല്ലുകൾ ആക്കുന്നു എന്നതാണ്. ഈ വിഷയത്തിൽ അഞ്ച് പ്രധാന കാര്യങ്ങൾ ഉണ്ട്: ദൈവത്തിന്റെ കുഞ്ഞാട്, പ്രാവ്, കല്ലുകൾ, ദൈവാലയത്തിന്റെ കെട്ടുപണി, മനുഷ്യപുത്രൻ എന്നിവ. കുഞ്ഞാട് വീണ്ടെടുപ്പിനുവേണ്ടിയാണ്; പ്രാവ് ജീവൻ പകരുവാനും രൂപാന്തരപ്പെടുത്തുവാനും കെട്ടുപണിയുവാനും വേണ്ടിയാണ്; കല്ല് നിർമ്മാണവസ്തുവാണ്; ആലയം ആണ് കെട്ടുപണി; ദൈവത്തിന്റെ കെട്ടുപണിയുടെ മുഖ്യവസ്തു മനുഷ്യനാണ്. ആദ്യം, മനുഷ്യൻ കുഞ്ഞാടിനാൽ വീണ്ടെടുക്കപ്പെടുന്നു; പിന്നീട് പ്രാവ് അവനെ വീണ്ടുംജനിപ്പിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ഇപ്രകാരം, മനുഷ്യൻ ഒരു കല്ലായി തീരുന്നു; പ്രാവ് ഈ കല്ലിനെ കെട്ടുപണി ചെയ്യുന്നു. പ്രാവ് വീണ്ടുംജനിപ്പിക്കുന്നതിനുവേണ്ടി മാത്രമല്ല, രൂപാന്തരപ്പെടുത്തുന്നതിനും സംയോജിപ്പിക്കുന്നതിനും വേണ്ടിയാണ്; അതിൻെറ അനന്തരഫലം ദൈവാലയത്തിന്റെ കെട്ടുപണിയാണ്. ദൈവാലയത്തിന്റെ സാരാംശം, കാതലായ മൂലകം, ദിവ്യത്വമല്ല മനുഷ്യത്വമാണ്. ദിവ്യത്വം നിവാസിയും, മനുഷ്യത്വം നിവാ

സവുമാണ്. ആലയം നിവാസിയല്ല നിവാസമായതുകൊണ്ട്, നിവാസം മനുഷ്യത്വവും നിവാസി ദിവ്യത്വവുമാണ്. എന്നിരുന്നാലും, ഈ മനുഷ്യത്വം സ്വാഭാവികമായതോ, സൃഷ്ടിക്കപ്പെട്ടതോ ആയ മനുഷ്യത്വമല്ല. ഇത് വീണ്ടുംജനിപ്പിക്കപ്പെട്ടതും രൂപാന്തരപ്പെട്ടതും ഉയർത്തപ്പെട്ടതുമായ മനുഷ്യത്വമാണ്; സൃഷ്ടിയിലൂടെയും ജഡാവതാരത്തിലൂടെയും ക്രൂശ്മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും ആരോഹണത്തിലൂടെയും പ്രക്രിയാവിധേയമായ ഒരു മനുഷ്യത്വം ആണ്. ഇത്തരം അത്ഭുതകരമായ ഒരു പ്രക്രിയയിലൂടെ കടന്നുപോയ മനുഷ്യത്വം ദൈവത്തിന്റെ കെട്ടുപണിയുടെ ശരിയായ വസ്തുവായിത്തീരുന്നു. അങ്ങനെയുള്ള ഒരു മനുഷ്യത്വമാണ് ദൈവത്തിന്റെ നിവാസം. യോഹന്നാന്റെ സുവിശേഷത്തിലും ലേഖനങ്ങളിലും വെളിപ്പാടിലും എഴുതിയിരിക്കുന്നതുപോലെ, ഇത്ര വ്യക്തമായി മറ്റൊരു പുസ്തകത്തിലും ഈ കാര്യം വെളിപ്പെടുത്തിയിട്ടില്ല. അങ്ങനെ യോഹന്നാന്റെ എഴുത്തുകളിൽ നാം അധികസമയം ചെലവഴിക്കേണ്ടതുണ്ട്.

യോഹന്നാൻ 1:19–51 മുപ്പത്തിമൂന്നു വാക്യങ്ങൾ ഉള്ള ഒരു നീണ്ട ഭാഗമാണ്. എന്തുകൊണ്ടാണ് ഈ ഭാഗം ഇത്ര നീളമുള്ളതായിരിക്കുന്നത്? യോഹന്നാന്റെ സുവിശേഷത്തിലെ ഈ ഭാഗത്തിന്റെ ദൈർഘ്യം വർഷങ്ങളോളം എന്നെ ചിന്തിപ്പിച്ചുക്കൊണ്ടിരുന്നു. “ആദ്യത്തെ പതിനെട്ടു വാക്യങ്ങളിൽ ഒരോ വാക്കും മിതമായി ഉപയോഗിച്ചിരിക്കുന്നു. ഒറ്റവാക്കും പാഴാക്കിയിട്ടില്ല. എന്തുകൊണ്ടാണ് അദ്ധ്യായത്തിലെ ഈ ഭാഗത്ത് യോഹന്നാൻ കൂടുതൽ വാക്യങ്ങൾ ഉപയോഗിച്ചത്?”എന്നു ഞാൻ പറഞ്ഞു. ചുരുക്കവും ലളിതവുമായി എഴുതുന്ന യോഹന്നാൻ, എന്തുകൊണ്ട് കൂടുതൽ വാക്യങ്ങൾ ഉപയോഗിച്ചുവെന്ന് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഞാനായിരുന്നു ഈ വചനഭാഗം എഴുതിയതെങ്കിൽ, എങ്ങനെ പരീശന്മാർ യോഹന്നാനോട് അവൻ മശീഹായോ ഏലീയാവോ അല്ലെങ്കിൽ പ്രവാചകനോ എന്ന് അന്വേഷിച്ചതെന്നും യോഹന്നാൻ ജനത്തെ വെള്ളത്തിൽ സ്നാനപ്പെടുത്തിയത് എങ്ങനെയെന്നും പ്രാവ് ഇറങ്ങിവന്ന് അവന്റെമേൽ ആവസിച്ച ദൈവത്തിന്റെ കുഞ്ഞാടായി യേശുവിനെ അവൻ എങ്ങനെ പരിചയപ്പെടുത്തിയെന്നും എങ്ങനെ അഞ്ച് ശിഷ്യന്മാർ കർത്താവിലേക്ക് ആകർഷിക്കപ്പെടുകയും അവനെ പിൻപറ്റുകയും ചെയ്തു എന്നും അവരിൽ ഒരാളുടെ പേര് എങ്ങനെ മാറ്റിയെന്നും പറഞ്ഞുകൊണ്ട് ഏഴോ എട്ടോ വാക്യങ്ങൾ മാത്രമേ ഉപയോഗിക്കുമായിരുന്നുള്ളു. എന്നാൽ യോഹന്നാൻ ഇതിലധികം വാക്യങ്ങൾ ഉപയോഗിച്ചു. ഇങ്ങനെ ചെയ്യുന്നതിൽ അവന്റെ ഉദ്ദേശ്യം എന്തായിരുന്നു? 19 മുതൽ 51 വരെയുള്ള വാക്യങ്ങളിലെ യോഹന്നാന്റെ ഉദ്ദേശ്യം വളരെ ചുരുക്കം ക്രിസ്ത്യാനികൾ മാത്രമേ കണ്ടിട്ടുള്ളൂ. അതുകൊണ്ട് ഇത് പരിഗണിക്കുന്നതിനായി നാം സമയമെടുക്കണം.

### A. മതഭക്തരായ ജനം ഒരു വലിയ നേതാവിനെ കാത്തിരിക്കുന്നു

ക്രിസ്തുവിന് ഏറ്റവും കൂടുതൽ എതിർപ്പ് വന്നത് മതത്തിൽ നിന്നായിരുന്നു എന്ന് യോഹന്നാന്റെ സുവിശേഷം വായിക്കുമ്പോൾ നിങ്ങൾ കണ്ടെത്തും. യെഹൂദമതത്തെക്കാൾ കൂടുതലായി അവനെ അലട്ടുന്നതോ തടസ്സപ്പെടുത്തുന്നതോ ആയ ഒന്നുംതന്നെ ഇല്ലായിരുന്നു. മതം ക്രിസ്തുവിന്റെ ശത്രുവാണ്. അത് ജീവനായ ക്രിസ്തുവിനെ അസഹ്യപ്പെടുത്തുന്നു. ഒടുവിൽ, മതം ക്രിസ്തുവിന് മരണം വിധിച്ചു. കർത്താവായ യേശുവിന് മരണം വിധിച്ചത് റോമൻ രാഷ്ട്രതന്ത്രമായിരുന്നില്ല, കാരണം, പീലാത്തോസിന്റെ കീഴിലുള്ള റോമൻ രാഷ്ട്രതന്ത്രം അതു ചെയ്യുവാൻ കഴിയാതവണ്ണം വളരെ ദുർബ്ബലമായിരുന്നു. ദുർബ്ബലമായ റോമൻ രാഷ്ട്രതന്ത്രത്തെ ഉപയോഗപ്പെടുത്തിയായിരുന്നു യെഹൂദമതം ക്രിസ്തുവിനെ മരണത്തിന് വിധിച്ചത്. അങ്ങനെ, ജീവനായ ക്രിസ്തുവിന് ഏറ്റവും ശക്തമായ എതിർപ്പ് വന്നത് മതത്തിൽനിന്നായിരുന്നു എന്ന് യോഹന്നാൻ തന്റെ സുവിശേഷത്തിൽ നമ്മെ കാണിക്കുന്നു. ആകയാൽ, ഒന്നാം അദ്ധ്യായത്തിൽ മതത്തിന്റെ പരിതാപകരമായ അവസ്ഥ വിവരിക്കുവാൻ അധികം വാക്യങ്ങൾ ഉപയോഗിക്കേണ്ടത് ആവശ്യമായിരുന്നു എന്ന് അവൻ മനസ്സിലാക്കി. മതത്തിന്റെ ദയനീയമായ അവസ്ഥയെ വരച്ചുകാണിക്കുക എന്നതായിരുന്നു യോഹന്നാന്റെ ഉദ്ദേശ്യം.

ദൈവിക ആലോചനയ്ക്ക് തികച്ചും എതിരാണ് മതഭക്തരായ ആളുകളുടെ ധാരണയെന്ന് വാക്യങ്ങൾ 19-25 വെളിപ്പെടുത്തുന്നു. ദാനിയേൽ 9:26, മലാഖി 4:5, ആവർത്തനം 18:15,18 എന്നീ തിരുവെഴുത്തുകൾ പ്രകാരം മതഭക്തരായ ജനം മശിഹായെയോ, ഏലിയാവിനെയോ അല്ലെങ്കിൽ പ്രവാചകനെയോ പോലെയുള്ള ഒരു വലിയ നേതാവിനെ നോക്കിയിരിക്കുകയായിരുന്നു. മശിഹായെപ്പോലുള്ള വലിയ ഒരുവനെ അല്ലെങ്കിൽ ഏലിയാവിനെപ്പോലുള്ള ഒരു വലിയ പ്രവാചകനെ എപ്പോഴും വീക്ഷിക്കുക എന്നതാണ് മതപരമായ ചിന്ത. വിസ്മയകരമായ കാര്യങ്ങളും അതിശയകരമായ അത്ഭുതങ്ങളും ചെയ്ത് തങ്ങളെ രക്ഷിക്കുകയും വിടുവിക്കുകയും ചെയ്യുന്ന ഒരു വലിയ നേതാവിനെക്കുറിച്ച് മതാനുസാരികൾ എപ്പോഴും ചിന്തിക്കുന്നു. അതിനാൽ, യോഹന്നാൻ സ്നാപകൻ ആണോ മശിഹാ എന്ന് ചോദിക്കുവാൻ യെഹൂദനേതാക്കന്മാർ ആളുകളെ അയച്ചു. "ഞാൻ അല്ല"എന്നു യോഹന്നാൻ മറുപടി പറഞ്ഞു. പിന്നെ അവൻ ഏലിയാവോ എന്ന് അവർ ചോദിച്ചതിനു:"അല്ല"എന്ന് അവൻ വീണ്ടും ഉത്തരം പറഞ്ഞു. ആവർത്തനപ്പുസ്തകം 18-ാം അദ്ധ്യായത്തിൽ, ഒരു വലിയ പ്രവാചകൻ വരുമെന്ന് മോശ യിസ്രായേലിന് വാഗ്ദാനം ചെയ്തിരുന്നു. അതിനാൽ അന്നു മുതൽ, ആ പ്രവാചകൻെറ വരവി

നായി യിസ്രായേൽ എപ്പോഴും നോക്കിയിരിക്കുകയും യോഹന്നാൻ സ്നാപകൻ രംഗത്തുവന്നപ്പോൾ, ആ പ്രവാചകൻ അവനായിരുന്നുവോ എന്ന് അവർ ചോദിക്കുകയും ചെയ്തു. എന്നാൽ, ആ പ്രവാചകൻ താനല്ല എന്നു യോഹന്നാൻ പറഞ്ഞു. ഇന്നത്തെ മതപരമായ സാഹചര്യത്തിലും ഇതേ തത്ത്വം നിലനിൽക്കുന്നു. ജനം എല്ലായിടത്തും ലോക പ്രശസ്തനായ ഒരു വലിയ ഉപദേഷ്ടാവിനെ പ്രതീക്ഷിക്കുന്നു. ഇന്ന് പരീശന്മാരെയും സദൂക്യരെയും മഹാപുരോഹിതന്മാരെയും പോലെയുള്ള മതാനുസാരികൾ ജീവനുവേണ്ടിയല്ല, അവർ ഒരു വലിയ നീക്കത്തിനുവേണ്ടിയാണ്, ഒരു വലിയ നേതാവിനുവേണ്ടിയാണ് നിലകൊള്ളുന്നത്. അവരെ ഉദ്ബോധിപ്പിക്കുന്ന ഒരു വലിയ മതനേതാവിനെ അവർ കാത്തിരിക്കുന്നുവെങ്കിലും, അങ്ങനെ ഒരു നേതാവ് വന്നിട്ടുപോയാലും അവർ മരണാവസ്ഥയിൽതന്നെ തുടരും.

യോഹന്നാന്റെ സുവിശേഷത്തിലെ ഈ ഭാഗത്തെ താരതമ്യം വളരെ ഹൃദയഹാരിയാണ്. മതാനുസാരികൾ ഒരു വലിയ മതനേതാവിനെ പ്രതീക്ഷിക്കുകയായിരുന്നു എന്ന് നാം കണ്ടു. അവർ യോഹന്നാൻ സ്നാപകനോട് അവൻ മശിഹായോ ഏലിയാവോ, അതോ പ്രവാചകനോ എന്ന് ആരായുകയും ചെയ്തു. യോഹന്നാൻ തുടർമാനമായി“അല്ല”എന്നു ഉത്തരം പറഞ്ഞപ്പോൾ അവർ അവനോടു അവസാനമായി ഇങ്ങനെ ചോദിച്ചു.“നീ ആരാകുന്നു? നീ നിന്നെക്കുറിച്ചു എന്തുപറയുന്നു?” അതിനു അവൻ,“മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം ഞാനാകുന്നു”എന്ന് മറുപടി പറഞ്ഞു. എന്താണ് ശബ്ദം? ശബ്ദം ഒന്നുമല്ല. നിങ്ങൾ കേൾക്കുകയും അതു പോവുകയും ചെയ്യുന്നു. നിങ്ങൾക്ക് അതിനെ സ്പർശിക്കുവാൻ കഴിയുകയില്ല. യോഹന്നാൻ ഇങ്ങനെ പറയുന്നതായി കരുതാം,“ഞാൻ ഒന്നുമല്ല. ഞാൻ ആരുമല്ല. ഞാൻ ശബ്ദം മാത്രമാണ്. ഞാൻ മശിഹായുമല്ല, ഏലിയാവുമല്ല, പ്രവാചകനുമല്ല.” മതാനുസാരികൾ അവൻ നിമിത്തം നിരാശപ്പെട്ടു. അവരെ അയച്ചവരോടു അവർ എങ്ങനെ ഉത്തരം പറയും. ഒരു പക്ഷേ അവർ യോഹന്നാനോടു പറഞ്ഞു കാണും,“ഞങ്ങൾ തിരിച്ചുപോയി, നീ ഒരു ശബ്ദം മാത്രമാണെന്ന് ഞങ്ങളെ അയച്ചവരോടു ഞങ്ങൾ പറയണമോ? എന്താണിത്? ഇത് അസംബന്ധമാണ്.” അതെ, മതത്തെ സംബന്ധിച്ചിടത്തോളം ജീവൻ അസംബന്ധമാണ്.

## B. പ്രാവോടുകൂടെ കുഞ്ഞാടായി യേശു പ്രകീർത്തിക്കപ്പെട്ടു

### *1. കുഞ്ഞാട് മനുഷ്യരിൽനിന്ന് പാപം ചുമന്നുനീക്കുന്നു*

യേശു വരുന്നതു കണ്ടപ്പോൾ യോഹന്നാൻ എന്ത് പറഞ്ഞു? “നോക്കൂ, ഡോ. യേശുക്രിസ്തു”എന്ന് അവൻ പറഞ്ഞില്ല. അവൻ പറഞ്ഞത്, “ഇതാ ദൈവത്തിന്റെ കുഞ്ഞാട്”എന്നായിരുന്നു. ഞാനാ

യിരുന്നു യോഹന്നാൻ സ്നാപകൻ എങ്കിൽ, ഞാൻ ഇങ്ങനെ പറയുമായിരുന്നു."ഇതാ യെഹൂദാ ഗോത്രത്തിന്റെ സിംഹം."നിങ്ങൾ എങ്ങനെയാണ് യേശുവിനെ വർണ്ണിക്കുവാൻ ഇഷ്ടപ്പെടുന്നത്, കുഞ്ഞാടായോ അതോ ബലമുള്ള സിംഹമായോ? ക്രിസ്തുവിനെ സിംഹമായി എന്റെ മുമ്പിൽ നിങ്ങൾ അവതരിപ്പിച്ചാൽ ഞാൻ ഓടിക്കളയും, കാരണം, എനിക്ക് സിംഹങ്ങളെ ഭയമാണ്. എന്നാൽ യേശു കുഞ്ഞാടായിട്ടായിരുന്നു വർണ്ണിക്കപ്പെട്ടത്. മതാനുസാരികൾ ഒരു വലിയ നേതാവിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, യോഹന്നാൻ സ്നാപകൻ ദൈവത്തിന്റെ കുഞ്ഞാടായി യേശുവിനെ വർണ്ണിച്ചു. യേശു വന്നത് മതപരമായ നീക്കത്തിനുവേണ്ടി ഒരു വലിയ നേതാവായിട്ടല്ല, ലോകത്തിന്റെ പാപം ചുമന്നുനീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായിട്ട് ആയിരുന്നു. ഇത് ഒരു പ്രസ്ഥാനത്തിന്റെ വിഷയമല്ല; ഇത് വീണ്ടെടുപ്പിന്റെ, മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ പ്രശ്നം പരിഹരിക്കുന്ന വിഷയമാണ്. നമ്മുടെ പാപത്തെ എടുത്തുകളയുവാൻ ഒരു ദൈവശാസ്ത്രപണ്ഡിതനെയോ ഒരു മതനേതാവിനെയോ അല്ല ആവശ്യം-നമുക്ക് ഒരു കുഞ്ഞാടിനെയാണ് ആവശ്യം. നമുക്ക് ആവശ്യം, യേശു ദൈവകുഞ്ഞാടായി നമുക്കുവേണ്ടി മരിക്കുക എന്നതും നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി അവന്റെ രക്തം ചൊരിയുക എന്നതുമാണ്. യോഹന്നാൻ സ്നാപകന്റെ സമയത്തെ അവസ്ഥ തന്നെയാണ് ഇന്നത്തെയും അവസ്ഥ. ഒരു വലിയ നീക്കത്തിനുവേണ്ടി ഒരു വലിയ നേതാവിനെ മതം ഇപ്പോഴും കാത്തിരിക്കുന്നു. എങ്ങനെയായാലും, ദൈവത്തിന്റെ വ്യവസ്ഥയിൽ, യേശു അങ്ങനെയൊരു നേതാവല്ല. അവൻ കേവലം ദൈവത്തിന്റെ കുഞ്ഞാടാണ്. ഈ ദൂത് വായിക്കുമ്പോൾ നിങ്ങൾ ഇങ്ങനെ പറയണം."കർത്താവായ യേശുവേ. എനിക്ക് നീ ഒരു വലിയ നേതാവല്ല, നീ എന്റെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ച ദൈവത്തിന്റെ കുഞ്ഞാടാണ്. കർത്താവേ, നിന്റെ മരണത്തിനായി നന്ദി. നിന്റെ രക്തത്തിനായി നന്ദി. നിന്റെ വീണ്ടെടുപ്പിനായി നന്ദി. ഒരു വലിയ നേതാവിനെ ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് വേണ്ടി വീണ്ടെടുപ്പ് സാധ്യമാക്കിത്തന്ന ഈ കുഞ്ഞാടിനെ മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ."മതത്തിന്റെ ധാരണ ഒരു വലിയ നേതാവ് വരുമെന്നാണ്. എന്നാൽ പാപത്തിൽനിന്നുള്ള വീണ്ടെടുപ്പിനുവേണ്ടി ഒരു കുഞ്ഞാട് മരിക്കുക എന്നതാണ് ദിവ്യവ്യവസ്ഥ. പാപത്തിന്റെ പ്രശ്നത്തിന് ഒരു പരിഹാരം ആവശ്യമായിരിക്കയാൽ വീണ്ടെടുപ്പ് അനിവാര്യമായിരുന്നു. നമുക്ക് നമ്മുടെ പാപങ്ങളെ ചുമന്നുനീക്കുവാൻ ദൈവകുഞ്ഞാട് ആവശ്യമാണ്.

Tue

### *2. പ്രാവ് ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുന്നു*

ക്രിസ്തുവിനെ ദൈവകുഞ്ഞാടായി മാത്രമല്ല, ഒരു പ്രാവോടുകൂടിയ കുഞ്ഞാടായി യോഹന്നാൻ പ്രകീർത്തിച്ചു(1:32-33). കുഞ്ഞാട് മനുഷ്യന്റെ പാപത്തെ നീക്കുന്നു; പ്രാവ് ദൈവത്തെ ജീവനായി മനുഷ്യനിലേക്ക് കൊണ്ടുവരുന്നു. കുഞ്ഞാട് വീണ്ടെടുപ്പിനുവേണ്ടി, വീണ്ടു

പോയ മനുഷ്യനെ ദൈവത്തിങ്കലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി ആണ്; പ്രാവ് ജീവൻ നൽകുന്നതിനുവേണ്ടിയും അഭിഷേകം നൽകുന്നതിനുവേണ്ടിയും ദൈവം എന്തായിരിക്കുന്നുവോ അതുകൊണ്ട് മനുഷ്യനെ അഭിഷേകം ചെയ്യുന്നതിനുവേണ്ടിയും, ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുന്നതിനും മനുഷ്യനെ ദൈവത്തിങ്കലേക്ക് കൊണ്ടുവരുന്നതിനും വേണ്ടിയും, ദൈവവിശ്വാസികളെ ദൈവത്തിൽ ബന്ധിപ്പിക്കുവാൻ വേണ്ടിയും ആണ്. മനുഷ്യന് ദൈവത്തിൽ പങ്കുപറ്റുവാൻ ഇവ രണ്ടും ആവശ്യമാണ്. പ്രാവ് പരിശുദ്ധാത്മാവിന് അടയാളമാണ്; ദൈവത്തെ കൊണ്ടുവന്നു മനുഷ്യനുമായി കൂട്ടിച്ചേർക്കുക എന്നതാണ് പരിശുദ്ധാത്മാവിന്റെ വേല. കുഞ്ഞാട് പ്രതിലോമവശത്ത്, മനുഷ്യന്റെ പാപമെന്ന പ്രശ്നം പരിഹരിക്കുകയും, പ്രാവ് അനുലോമവശത്ത്, ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നു. കുഞ്ഞാട് മനുഷ്യനെ പാപത്തിൽനിന്ന് വേർപെടുത്തുന്നു; പ്രാവ് ദൈവത്തെ മനുഷ്യനോട് കൂട്ടിച്ചേർക്കുന്നു.

യോഹന്നാൻ യേശുവിനെ വർണ്ണിച്ചത് കഴുകനോടൊപ്പമുള്ള കുഞ്ഞാടായിട്ടല്ല, പ്രാവിനോടൊപ്പമുള്ള കുഞ്ഞാടായിട്ടായിരുന്നു. ചില ക്രിസ്ത്യാനികൾക്ക് പ്രാവിനു പകരം കഴുകനാണ് ഉള്ളതെന്ന് തോന്നും. പ്രാവ് വലുതോ വന്യമോ അല്ല. അത് ചെറുതും സൗമ്യപ്രകൃതിയുള്ളതുമാണ്. ഇവിടെ, പ്രാവ് പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. അത് ജീവൻ നൽകുന്നതിനും വീണ്ടുംജനിപ്പിക്കുന്നതിനും അഭിഷേചിക്കുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും ഒരുമിപ്പിക്കുന്നതിനും കെട്ടുപണി ചെയ്യുന്നതിനും വേണ്ടിയാണ്. പ്രാവ് ശക്തിക്കുവേണ്ടിയല്ല, ജീവനുവേണ്ടിയാണ്. പ്രാവിന് ശക്തിയില്ല, അത് ഉൾക്കാഴ്ചയാലും ജീവനാലും നിറഞ്ഞതാണ്. വേദപുസ്തകം പ്രാവിന്റെ കണ്ണുകളെ പ്രശംസിക്കുന്നു. കാരണം അതിന്റെ ഏറ്റവും മനോഹരമായ ഭാഗം കണ്ണുകളാണ്. ഉത്തമഗീതത്തിൽ, കർത്താവ് അവന്റെ അന്വേഷകയെ പ്രാവിന്റേതുപോലുള്ള അവളുടെ കണ്ണുകൾ നിമിത്തം പ്രശംസിക്കുന്നു(1:15). പ്രാവ് ശക്തിയുടെയല്ല, ജീവന്റെ പ്രതീകമാണ്. പ്രാവ് അഴകുള്ളതും ചെറുതും ജീവൻ നിറഞ്ഞതുമാണ്.

യോഹന്നാന്റെ സുവിശേഷം 12-ാംഅദ്ധ്യായത്തിലേക്ക് വരുമ്പോൾ കർത്താവായ യേശു തന്നെത്തന്നെ പ്രാവിനെക്കാൾ തീരെ ചെറുതായ ഒന്നിനോട്-ഒരു ഗോതമ്പുമണിയോട്- താരതമ്യപ്പെടുത്തിയിരിക്കുന്നു(12:24). ഒരു ഗോതമ്പുമണി പുറമേയുള്ള കാഴ്ചയ്ക്കോ, ശക്തിക്കോ വേണ്ടിയുള്ളതല്ല. ജീവൻ നിറഞ്ഞതായ ഒരു ഗോതമ്പുമണി ജീവന്റെ പ്രത്യുത്പാദനത്തിനും പ്രചാരണത്തിനും ജീവന്റെ വർദ്ധനവിനും വേണ്ടിയുള്ളതാണ്. ആയതിനാൽ, യോഹന്നാന്റെ സുവിശേഷം ശക്തിയുടേതല്ല, ജീവന്റെ പുസ്തകമാണ്. കുഞ്ഞാട് ശക്തിക്കുവേണ്ടിയല്ല, പിന്നെയോ വീണ്ടെടുപ്പിനുവേണ്ടിയാണ്. യേശു

ഒരു സിംഹമായി വന്നിരുന്നുവെങ്കിൽ ആരും അവനെ ക്രൂശിൽ തറയ്ക്കുകയില്ലായിരുന്നു. എന്നാൽ അവൻ അറുക്കപ്പെടുവാനുള്ള കുഞ്ഞാടായി വരുകയും നമ്മുടെ വീണ്ടെടുപ്പിനായി കൊല്ലപ്പെടുകയും ചെയ്തു(യെശ.53:7). ജീവനും മതവും തമ്മിൽ എന്തൊരു വ്യത്യാസം! മതം ശക്തിക്കുവേണ്ടിയും പ്രസ്ഥാനങ്ങൾക്കുവേണ്ടിയും വലിയ നേതാക്കന്മാർക്കുവേണ്ടിയുമാണ്. ജീവന്, എല്ലാ പാപകരമായ കാര്യങ്ങളെയും നീക്കുന്നതിന് വീണ്ടെടുപ്പിനുള്ള ഒരു കുഞ്ഞാടിനെയും, ജീവൻ പകരുവാനും വീണ്ടുംജനിപ്പിക്കുവാനും അഭിഷേചിക്കുവാനും രൂപാന്തരപ്പെടുത്തുവാനും ഒരുമിപ്പിക്കുവാനും കെട്ടുപണിചെയ്യുവാനും ജീവൻ നിറഞ്ഞ ഒരു പ്രാവിനെയും, ആവശ്യമാണ്. അപ്പോൾ ദൈവത്തിനൊരു ഭവനം, ഒരു ബേഥേൽ ഉണ്ടാകും. നാം എല്ലാവരും ഇതു കാണണം.

മതത്തെ അതിന്റെ എല്ലാ ധാരണകളോടുംകൂടെ നാം തീർച്ചയായും ത്യജിക്കണമെന്ന് നിങ്ങൾക്ക് ബോധ്യമായി എന്ന് ഞാൻ പ്രത്യാശിക്കുന്നു. എന്നിരുന്നാലും, ഈ ദൂത് വായിക്കുന്നവരിൽ ചിലരെങ്കിലും, ഒരു വലിയ നീക്കം ഉണ്ടാകുവാൻ നമുക്കു ശക്തി ആവശ്യമാണ് എന്ന ധാരണ ഇപ്പോഴും നിലനിർത്തുമോ എന്ന് ഞാൻ വിചാരപ്പെടുന്നു. ഒരു നീക്കം ആരംഭിക്കുവാൻ ശക്തനായ ഒരു നേതാവിനെ അയക്കുക എന്നതല്ല ദൈവത്തിന്റെ വ്യവസ്ഥ. വീണ്ടെടുപ്പ് സാധിക്കുന്നതിനും, മനുഷ്യന് ജീവൻ പകരുന്നതിനും, തന്റെ പുത്രനെ കുഞ്ഞാടായിരിക്കുവാൻ അവനോടുകൂടെ തന്റെ ആത്മാവിനെ പ്രാവായി അയക്കുക എന്നതാണ് ദൈവത്തിന്റെ വ്യവസ്ഥ. ഒരു ഗോതമ്പുമണി നിലത്തുവീണു ചാവുകയും, അത് അനേക ഗോതമ്പുമണികൾ ഉൽപാദിപ്പിക്കുകയും, അവ കൂടിച്ചേർന്ന് ഒരു അപ്പമായിത്തീരുകയും, ഒരു ശരീരമായി, ഒരു സഭയായി ക്രിസ്തുവിനെ ആവിഷ്ക്കരിക്കുകയും ചെയ്യുക എന്നതാണ് ദൈവത്തിന്റെ വ്യവസ്ഥ. ദൈവത്തിന്റെ വ്യവസ്ഥയിൽ ഒരു പ്രസ്ഥാനത്തിന്റെയോ ശക്തിയുടെയോ ഒരു വലിയ നേതാവിന്റെയോ കാര്യമല്ല; അതു പ്രാവോടുകൂടെയുള്ള കുഞ്ഞാടിന്റെ കാര്യമാണ്. നമ്മുടെ ആവശ്യം ജീവനോടുകൂടെയുള്ള വീണ്ടെടുപ്പാണ്.

## C. ദൈവത്തിന്റെ കെട്ടുപണിക്കായി കല്ലുകളെ ഉളവാക്കുന്നതിന്

### *1. യേശുവിന്റെ അനുയായികൾ കല്ലുകളായി രൂപാന്തരപ്പെടുവാൻ*

പ്രാവോടുകൂടെയുള്ള കുഞ്ഞാട് തന്നെ അനുഗമിക്കുവാൻ ജനത്തെ ആകർഷിച്ചു."ഇതാ ദൈവത്തിന്റെ കുഞ്ഞാട്"എന്ന് യോഹന്നാൻ സ്നാപകൻ പറഞ്ഞപ്പോൾ അവന്റെ ശിഷ്യന്മാരിൽ രണ്ടുപേർ

യേശുവിനെ അനുഗമിക്കുകയും, യോഹന്നാൻ വളരെ സന്തോഷി ക്കുകയും ചെയ്തു. ആ രണ്ടു ശിഷ്യന്മാരുടെ പേരുകൾ എന്തായി രുന്നു? ഒന്നാമൻ അന്ത്രെയാസായിരുന്നു. രണ്ടാമൻ ഈ സുവിശേഷ ത്തിന്റെ എഴുത്തുകാരനായ യോഹന്നാൻ ആയിരിക്കണം. അവൻ താഴ്മയുള്ളവനായിരുന്നതിനാൽ തന്റെ പേരെടുത്തു പറഞ്ഞില്ല. അന്ത്രെയാസ് ആകർഷിക്കപ്പെട്ടപ്പോൾ അവൻ തന്റെ സഹാദരനായ ശിമോനെ കണ്ട് അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു (1:41-42). യേശു ശിമോനെ കണ്ടപ്പോൾ അവന്റെ പേര് കല്ല് എന്നർത്ഥ മുള്ള കേഫാ അഥവാ പത്രൊസ് എന്ന് മാറ്റി. മത്തായി 16:18-ൽ കർ ത്താവ് സഭയുടെ കെട്ടുപണിയെക്കുറിച്ച് പത്രൊസിനോടു പറയുന്ന നേരത്ത്, താൻ പറഞ്ഞ ഈ വാക്കു പ്രസ്താവിച്ചു. ഇതിൽ നിന്നാ യിരിക്കണം സഭയാകുന്ന ആത്മീയഗൃഹത്തിൻെറ കെട്ടുപണിക്കുള്ള ജീവനുള്ള കല്ലുകളെക്കുറിച്ചുള്ള ധാരണ പത്രൊസിന് ലഭിച്ചത്(1 പത്രൊ.2:5). ദൈവത്തിന്റെ ഭവനത്തിനായുള്ള സാമഗ്രി ഉളവാക്കു വാനുള്ള രൂപാന്തരപ്രക്രിയയെ സൂചിപ്പിക്കുന്നു എന്നതാണ് കല്ലിന്റെ അർത്ഥം(1 കൊരി.3:12).

ഒരു അദ്ധ്യായത്തിൽ കുഞ്ഞാട്, പ്രാവ്, കല്ല് എന്നീ മുൻകുറികൾ നമുക്കുണ്ട്. ഈ മുൻകുറികളുടെ അർത്ഥമെന്താണ്? കുഞ്ഞാടും പ്രാവും ചേർന്ന് കല്ലുകൾ ഉളവാക്കുന്നുവെന്നാണ് അതിന്റെ അർത്ഥം. വീണ്ടെടുപ്പിനോട് വീണ്ടുംജനനവും രൂപാന്തരവും ചേരുമ്പോൾ കല്ലു കൾ ഉളവാകുന്നു. യോഹന്നാന്റെ സുവിശേഷത്തെ അക്ഷരാർത്ഥ ത്തിൽ മാത്രം മനസ്സിലാക്കുവാൻ ശ്രമിക്കരുതെന്ന് ഞാൻ വീണ്ടും പറയുന്നു. ദൃഷ്ടാന്തങ്ങളുടെ യഥാർത്ഥ പൊരുൾ എന്താണെന്ന് നിങ്ങൾ സൂക്ഷ്മമായി പരിശോധിക്കണം. എന്താണ് കുഞ്ഞാട്? പുറ പ്പാട് 12-ാം അദ്ധ്യായം അനുസരിച്ച് പെസഹാകുഞ്ഞാട് മനുഷ്യരുടെ പാപങ്ങൾക്കായി അറുക്കപ്പെടുകയും അവരുടെ സംതൃപ്തിക്കായി ഭക്ഷിക്കപ്പെടുകയും ചെയ്തു. എന്താണ് പ്രാവ്? പൂർണ്ണമായും ജീവന്റെ അഴകു നിറഞ്ഞ ഒരു ജീവിയായി പ്രാവിനെ പഴയനിയമത്തിൽ നാം കാണുന്നു. അതുകൊണ്ട് ഇത് മനുഷ്യത്വത്തിലേക്ക് വന്ന് മനുഷ്യന് ജീവൻ പകരുന്ന ദൈവത്വത്തിലെ മൂന്നാമനെയാണ് പ്രതിനിധാനം ചെയ്യുന്നത്. മനുഷ്യനിലേക്ക് ഇറങ്ങിവരുന്ന ഈ പ്രാവ് വീണ്ടെടുപ്പു മായി പൊരുത്തപ്പെടുന്നു. അത് കല്ലുകളെ ഉളവാക്കുന്നതിനുവേണ്ടി യാണ്. ഇത് പ്രസംഗകരെയൊ ശുശ്രൂഷകരെയോ, ദൈവശാസ്ത്ര പണ്ഡിതരെയോ ഉൽപാദിപ്പിക്കുന്നില്ല; ഇത് കല്ലുകളെ ഉൽപാദിപ്പി ക്കുന്നു. നാം കാണുവാനിരിക്കുന്നതുപോലെ, ഈ കല്ലുകൾ, ബേഥേ ലിന്റെ, ദൈവഭവനത്തിന്റെ കെട്ടുപണിക്കുള്ളവയാണ്.

പത്രൊസിനു മുമ്പേ അന്ത്രെയാസ് കർത്താവിനെ കണ്ടെത്തിയെങ്കിലും, യേശു അന്ത്രെയാസിന്റെ പേരുമാറ്റിയില്ല. എന്താണിതിന് കാരണം? കർത്താവായ യേശു നിങ്ങളോ ഞാനോ ആയിരുന്നു എങ്കിൽ, നാം ഒരുപക്ഷേ അന്ത്രെയാസിന്റെ പേര് കല്ല് എന്നും യോഹന്നാന്റെ പേര് വജ്രം എന്നും മാറ്റുമായിരുന്നു. എന്നാലും കർത്താവായ യേശു തിടുക്കമില്ലാതെ സാവധാനം പ്രവർത്തിക്കുകയും, അന്ത്രെയാസിന്റെയല്ല, ശിമോന്റെ പേരു മാറ്റുകയും ചെയ്തു. ഞാൻ അന്ത്രെയാസ് ആയിരുന്നുവെങ്കിൽ, ഞാൻ ഇങ്ങനെ പറയുമായിരുന്നു,"കർത്താവേ, നീ എന്തുകൊണ്ട് എന്റെ പേരു മാറ്റിയില്ല? ഇതു ന്യായമല്ല. ഞാൻ നിന്റെ അടുത്തു ആദ്യം വന്നു. എനിക്ക് തരാതെ എന്തുകൊണ്ട് നീ ശിമോന് പുതിയ പേരു കൊടുത്തു? കർത്താവേ, നീ എനിക്കും ഒരു പുതിയ പേരു തരണമേ."എന്നാൽ കർത്താവ് അന്ത്രെയാസിന്റെ പേരു മാറ്റിയില്ല. എല്ലാം അവനെ ആശ്രയിച്ചിരിക്കുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. കർത്താവ് തിടുക്കത്തിൽ ഒരിക്കലും പ്രവർത്തിക്കുകയില്ല.

കർത്താവായ യേശുവിലേക്ക് ആകർഷിക്കപ്പെട്ട അടുത്ത വ്യക്തി ഫിലിപ്പോസ് ആയിരുന്നു എന്നിരുന്നാലും, ഫിലിപ്പോസിനെ സംബന്ധിച്ച് കർത്താവ് ഒന്നും ചെയ്തില്ല. പിന്നെ ഫിലിപ്പോസ് നഥനയേലിനെ കണ്ട് ഇങ്ങനെ പറഞ്ഞു."ന്യായപ്രമാണത്തിൽ മോശയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. അവൻ യോസേഫിന്റെ പുത്രനായ യേശു എന്ന നസറെത്തുകാരൻ തന്നെ"(വാ.45). ഈ വിവരം കൃത്യമല്ലായിരുന്നു. യേശു യോസേഫിൽ നിന്നല്ല, മറിയയിൽ നിന്നുള്ളവൻ ആയിരുന്നു (മത്താ.1:16); നസറെത്തിൽ അല്ല, ബേത്‌ലഹേമിലായിരുന്നു ജനിച്ചത്(ലൂക്കൊ.2:4-7). നസറെത്തിൽനിന്ന് വല്ല നന്മയും വരുമോ?"എന്ന് നഥനയേൽ പറഞ്ഞപ്പോൾ ഫിലിപ്പോസ് പറഞ്ഞു,"വന്നു കാണുക." ഫിലിപ്പോസ് നഥനയേലുമായി തർക്കിക്കാതിരുന്നത് യുക്തമായിരുന്നു. അവന് അത് ഗ്രഹിക്കുവാൻ പ്രാപ്തിയില്ലെന്ന് മനസ്സിലായതുകൊണ്ട് "വന്നു കാണുക"എന്നു മാത്രം നഥനയേലിനോട് പറഞ്ഞു. ഈ വാക്കുകളിൽനിന്ന് നമുക്കെല്ലാവർക്കും ഒരു പാഠം പഠിക്കുവാനുണ്ട്. നമ്മുടെ ഇടയിലും യുവാക്കളായ അനേകം ഫിലിപ്പോസുമാർ ഉണ്ട്. അവർ കർത്താവിനെക്കുറിച്ച് എന്തെങ്കിലും ഗ്രഹിച്ച ശേഷം പുറത്തിറങ്ങി മറ്റുള്ളവരോട് ശരിയായ രീതിയിലല്ലാതെ സംസാരിക്കുകയും, അവർക്ക് തെറ്റായ വിവരം കൊടുക്കുകയും ചെയ്യും. അതുകൊണ്ട്, നാം മറ്റുള്ളവരോട് വാദിക്കാതെ വന്നു കാണുക എന്നു മാത്രം പറയുക. നഥനയേൽ വന്നു. കർത്താവും ഫിലിപ്പോസുമായി ഒന്നും പറഞ്ഞില്ലെങ്കിലും നഥനയേലിനോടു ഒന്നു ചെയ്തു, യാക്കോബിന്റെ സ്വപ്നത്തെക്കുറിച്ചു സംസാരിച്ചു(1:51).

Wed എന്തുകൊണ്ട് കർത്താവ് ശിമോനോടും നഥനയേലിനോടും ചിലത് പറയുകയും, അന്ത്രെയാസിനോടും ഫിലിപ്പോസിനോടും ഒന്നും പറയാതിരിക്കുകയും ചെയ്തു? ഇവിടെ ഒരു തത്ത്വം ഉണ്ട്; ആ തത്ത്വം ഇതാണ്. കർത്താവ് ഒന്നാമനോട് ഇടപെടുന്നില്ല, പിന്നെയോ, എപ്പോഴും രണ്ടാമനോട് ഇടപെടുന്നു. ഒന്നാമത്തേത് പഴയ സൃഷ്ടിയിൽനിന്നുള്ളതാണ്. മിസ്രയീമിൽ പെസഹയുടെ നാളിൽ എല്ലാ ആദ്യജാതന്മാരും കൊല്ലപ്പെട്ടു. ഒന്നാമനാകരുത്, കാരണം ഒന്നാമനാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, കർത്താവിന് നിങ്ങളെക്കൊണ്ട് ആവശ്യമില്ല. വിദ്യാലയത്തിൽ ഒന്നാമനാകുന്നത് നല്ലതാണെങ്കിലും സഭയിൽ അതു നല്ലതല്ല. കർത്താവായ യേശുവിന്റെ അടുത്ത് ഒന്നാമനാകുവാൻ ഒരിക്കലും ശ്രമിക്കരുത്. രണ്ടാമനാകുവാൻ പഠിക്കുക. നിങ്ങൾ ഒന്നാമനാകുവാൻ ശ്രമിച്ചാൽ, നിങ്ങൾക്ക് ലക്ഷ്യം തെറ്റിപ്പോകും. എല്ലാവരും ഒന്നാമനാകുവാൻ ഇഷ്ടപ്പെടുന്നു. എന്നാൽ, നിങ്ങൾ രണ്ടാമനാകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ, കർത്താവ് നിങ്ങൾക്ക് ചിലത് ചെയ്തു തരും. ശിമോൻ രണ്ടാമനായിരുന്നതുകൊണ്ട്, ഒരു കല്ലായി തീരുന്നതിനെക്കുറിച്ചുള്ള കാര്യം കർത്താവ് അവന് വെളിപ്പെടുത്തിക്കൊടുത്തു. നഥനയേലും രണ്ടാമനായിരുന്നതുകൊണ്ട്, ദൈവഭവനത്തെക്കുറിച്ച് കർത്താവ് അവന് മറനീക്കിക്കൊടുത്തു.

### *2. ദൈവഭവനത്തിന്റെ കെട്ടുപണിക്കുവേണ്ടി*

"അവൻ പിന്നെയും അവനോടു പറഞ്ഞു, സത്യമായും സത്യമായും ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നീ കാണും"(1:51). ഇത് യാക്കോബിന്റെ സ്വപ്നത്തെ സംബന്ധിച്ചതായിരുന്നുവെന്ന് പുരാതന യെഹൂദന്മാർക്ക് അറിയാമായിരുന്നു (ഉല്പ.28:10-22). യാക്കോബ് തന്റെ സഹോദരന്റെ അടുക്കൽനിന്ന് ഒളിച്ചോടിയപ്പോൾ ഒരു കല്ല് തലയിണയായി വച്ച് ഒരു രാത്രി വെളിമ്പ്രദേശത്തു കിടന്നുറങ്ങി. സ്വർഗ്ഗം തുറന്നിരിക്കുന്നതും ഭൂമിയിൽ ഉറപ്പിച്ചിരിക്കുന്ന സ്വർഗ്ഗത്തോളം എത്തുന്നതുമായ ഒരു കോവണിയും അതിന്മേൽ ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും അവൻ സ്വപ്നം കണ്ടു. യാക്കോബ് ഉറക്കത്തിൽനിന്ന് ഉണർന്ന് ഇങ്ങനെ പറഞ്ഞു,"ഈ സ്ഥലം എത്ര ഭയങ്കരം! ഇത് ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നുമല്ല: ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നെ" (ഉല്പ.28:17). പിന്നെ അവൻ താൻ തലയിണയായി വച്ച കല്ലിന്മേൽ എണ്ണ ഒഴിക്കുകയും അതിനു ബേഥേൽ എന്നു പേർ വിളിക്കുകയും ചെയ്തു. നഥനയേലിനോടുള്ള കർത്താവിന്റെ വാക്ക് യാക്കോബിന്റെ സ്വപ്നത്തിന്റെ നിറവേറലായിരുന്നു. ക്രിസ്തു മനുഷ്യപുത്രനെന്ന നിലയിൽ തന്റെ മനുഷ്യത്വത്തിൽ, ദൈവഭവനത്തിനുവേണ്ടി, ഭൂമിയിൽ

സൗാപിച്ചിരിക്കുന്നതും സ്വർഗ്ഗത്തിലേക്ക് നയിക്കുന്നതും, സ്വർഗ്ഗത്തെ ഭൂമിക്കായി തുറന്നു വച്ചിരിക്കുന്നതും, ഭൂമിയെ സ്വർഗ്ഗവുമായി ബന്ധിപ്പിക്കുന്നതുമായ കോവണിയാണ്. ദൈവഭവനമാകേണ്ടതിന്, കല്ലിന്മേൽ(രൂപാന്തരപ്പെട്ട മനുഷ്യന് അടയാളം) യാക്കോബ് എണ്ണ(മനുഷ്യനിലേക്ക് എത്തിച്ചേരുന്ന, ത്രിയേകദൈവത്തിലെ ഒടുവിലത്തെ വ്യക്തിയായ പരിശുദ്ധാത്മാവിന് അടയാളം) പകർന്നു. ഇവിടെ യോഹന്നാൻ 1-ൽ ക്രിസ്തുവിനോടും അവന്റെ മനുഷ്യത്വത്തോടും കൂടെ ദൈവഭവനത്തിനുവേണ്ടി, ആത്മാവും(വാ.32) കല്ലും(വാ.42) ഉണ്ട്. ഇവ ഉള്ള ഇടത്ത്, ഒരു തുറന്ന സ്വർഗ്ഗമുണ്ട്. അങ്ങനെ മനുഷ്യനായ ക്രിസ്തു സ്വർഗ്ഗത്തെ തുറക്കുകയും ഭൂമിയെ സ്വർഗ്ഗത്തോട് ബന്ധിപ്പിക്കുകയും സ്വർഗ്ഗത്തെ ഭൂമിയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്ന ഒരു കോവണിയാണ്. ക്രിസ്തു അവന്റെ മനുഷ്യത്വത്തിലുള്ള ഇടത്തെല്ലാം, സ്വർഗ്ഗത്തിന്റെ വാതിലുണ്ട്; അവിടെ എല്ലാ കല്ലുകളോടുംകൂടെ, അതായത്, എല്ലാ രൂപാന്തരപ്പെട്ട വ്യക്തികളോടുംകൂടെ, ദൈവഭവനത്തിന്റെ കെട്ടുപണിയായി ബേഥേലുണ്ട്.

യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖം എന്ന നിലയിൽ യോഹന്നാൻ 1 ക്രിസ്തുവിനെ ദൈവപുത്രനായും(വാ.34,49) മനുഷ്യപുത്രനായും അവതരിപ്പിക്കുന്നു. നഥനയേൽ അവനെ ദൈവപുത്രനെന്ന് തിരിച്ചറിയുകയും അങ്ങനെതന്നെ അവനെ സംബോധന ചെയ്യുകയും ചെയ്തു(വാ.49); എന്നാൽ താൻ മനുഷ്യപുത്രനാണെന്ന് ക്രിസ്തു നഥനയേലിനോടു പറഞ്ഞു. ദൈവപുത്രൻ, ദിവ്യപ്രകൃതി-ദിവ്യത്വം- ഉള്ള ദൈവമാണ്. മനുഷ്യപുത്രൻ, മനുഷ്യപ്രകൃതി-മനുഷ്യത്വം- ഉള്ള മനുഷ്യനാണ്. ദൈവത്തെ വെളിപ്പെടുത്തുന്നതിനും (വാ.18), ദൈവത്തെ മനുഷ്യനിലേക്കും മനുഷ്യനെ ദൈവത്തിലേക്കും കൊണ്ടുവരുന്നതിനുംവേണ്ടി അവൻ ദൈവത്തിന്റെ ഏകജാതനായ പുത്രനാണ്. എന്നാൽ ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ വാസസ്ഥലം കെട്ടുപണിയുന്നതിനുവേണ്ടി, അവൻ മനുഷ്യപുത്രനാണ്. ദൈവത്തിന്റെ ഭവനത്തിന് അവന്റെ മനുഷ്യത്വം ആവശ്യമാണ്. കഴിഞ്ഞകാലനിത്യതയിൽ ക്രിസ്തുവിന് ദിവ്യത്വം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ വരുംകാല നിത്യതയിൽ ക്രിസ്തുവിന് മനുഷ്യത്വവും ദിവ്യത്വവും എന്നെന്നേക്കും ഉണ്ടായിരിക്കും.

യോഹന്നാൻ 1-ൽ മൂന്നു വ്യത്യസ്ത ഭാഗങ്ങൾ ഉണ്ട്. ആദ്യത്തെ 13 വാക്യങ്ങൾ ചേർന്ന ഒന്നാം ഭാഗം, ദൈവമക്കളോടുകൂടെ അവസാനിക്കുന്നു. 14 മുതൽ 18 വരെയുള്ള വാക്യങ്ങൾ ചേർന്ന രണ്ടാം ഭാഗം, ദൈവത്തിന്റെ ഏകജാതനായ പുത്രനോടുകൂടെ അവസാനിക്കുന്നു. അവസാനത്തെ 33 വാക്യങ്ങൾ ചേർന്ന മൂന്നാമത്തെ ഭാഗം മനുഷ്യപുത്രനോടുകൂടി അവസാനിക്കുന്നു. ദൈവത്തിന്റെ മക്കൾ അവന്റെ സംഘാതമായ ആവിഷ്കാരത്തിനുവേണ്ടിയുള്ള ദൈവ

ത്തിന്റെ വർദ്ധനവും വികാസവുമാണ്. ദൈവത്തിന്റെ പൂർണ്ണത കൃപയായും യാഥാർത്ഥ്യമായും ആസ്വദിക്കുന്ന എല്ലാവർക്കും അവനെ അറിയിച്ചുകൊടുക്കുന്ന ദൈവത്തിന്റെ പ്രഖ്യാപനമാണ് ദൈവത്തിന്റെ ഏകജാതനായ പുത്രൻ. മനുഷ്യപുത്രൻ ദൈവഭവനത്തിന്റെ കെട്ടുപണിക്കു വേണ്ടിയാണ്. അങ്ങനെ, ദൈവത്തിന്റെ മക്കൾ അനേകരും ദൈവത്തിന്റെ ആവിഷ്കാരവും സംഘാതമായ രീതിയിൽ അവനെ ആവിഷ്കരിക്കുന്നവരുമാകുന്നു. ദൈവത്തിന്റെ ഏകജാതനായ പുത്രൻ നിസ്തുലനും, ദൈവത്തെ വെളിപ്പെടുത്തുന്നതിനുവേണ്ടി കൃപയായും യാഥാർത്ഥ്യമായും അവനെ ആസ്വദിക്കുന്ന എല്ലാവർക്കും അവനെ അറിയിക്കുന്നവനും ആകുന്നു. മനുഷ്യപുത്രൻ ദൈവഭവനത്തിന്റെ കെട്ടുപണിക്കുവേണ്ടി ആകുന്നു. ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിന് അനേക ദൈവമക്കൾ ആവശ്യമാണ്, ദൈവത്തിന്റെ പ്രഖ്യാപനത്തിന് നിസ്തുലനായ, ദൈവത്തിന്റെ ഏകജാതനായ പുത്രൻ ആവശ്യമാണ്, ദൈവഭവനത്തിന് മനുഷ്യപുത്രനും ആവശ്യമാണ്.

യോഹന്നാൻ 1 വചനത്തോടുകൂടെ ആരംഭിക്കുകയും ദൈവഭവനമായ ബേഥേലിനോടുകൂടെ അവസാനിക്കുകയും ചെയ്യുന്നു. വാക്യം 1-ഉം 51-ഉം തമ്മിൽ വളരെ അകലമുണ്ട്. ഇവയ്ക്കിടെ അനേകം കാര്യങ്ങൾ നാം കാണുന്നു: ദൈവം, സൃഷ്ടി, ജീവൻ, വെളിച്ചം, ജഡം, കൂടാരം, കൃപ, യാഥാർത്ഥ്യം, ദൈവത്തിന്റെ വെളിപ്പെടൽ, കുഞ്ഞാട്, പ്രാവ്, കല്ല്, ഗോവണി, യേശുവിന്റെ മനുഷ്യത്വം എന്നിവയും ഒടുവിൽ ദൈവത്തിന്റെ ഭവനവും. ഇതാണ് ജീവനും കെട്ടുപണിയും. ഈ ഒരദ്ധ്യായത്തിൽ നമുക്ക് ആരംഭം, വചനം, ദൈവം, സൃഷ്ടി, ജീവൻ, വെളിച്ചം, ജീവനിൽ ഉളവാക്കപ്പെടുന്ന അനേക ദൈവമക്കൾ, ജഡം, കൂടാരം, കൃപ, യാഥാർത്ഥ്യം, ദൈവത്തിന്റെ പൂർണ്ണ വെളിപ്പെടൽ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്, വീണ്ടുംജനിപ്പിക്കുന്ന അഭിഷേചിക്കുന്ന രൂപാന്തരപ്പെടുത്തുന്ന, ഏകോപിപ്പിക്കുന്ന, കെട്ടുപണി ചെയ്യുന്ന പ്രാവ്, ഇവയൊക്കെയും കാണാം. കല്ല്, ഗോവണി, തുറന്ന സ്വർഗ്ഗം, ദൈവത്തിന്റെ ഭവനം എന്നിവയും നമുക്ക് കാണാം. നാം ഈ ദൈവഭവനത്തിന്റെ ഒരു ഭാഗമാകുന്നു. ഹല്ലേലൂയ്യാ!

യോഹന്നാന്റെ സുവിശേഷം അത്ഭുതകരവും അഗാധവുമാണ്. ഈ സുവിശേഷത്തിൽ നമുക്ക് വലിയൊരു മതനേതാവില്ല. നമുക്കൊരു ചെറിയ കുഞ്ഞാടും ഒപ്പം അതിലും ചെറിയ ഒരു പ്രാവുമുണ്ട്. കുഞ്ഞാടും പ്രാവും നമ്മെ ദൈവത്തിന്റെ കെട്ടുപണിക്കുള്ള കല്ലുകളാക്കുന്നു. നാം ദൈവശാസ്ത്ര പണ്ഡിതന്മാരല്ല, കെട്ടുപണിക്കുള്ള കല്ലുകളാണ്. നാം ഒരു മതസംഘടനയല്ല, ദൈവത്തിന്റെ ഭവനമായ ബേഥേൽ ആണ്.

പ്രാവോടുകൂടിയ കുഞ്ഞാടായി യേശുവിനെ പരിചയപ്പെടുത്തിക്കഴിഞ്ഞപ്പോൾ, ജനം അവനെ അനുഗമിക്കുവാൻ തുടങ്ങി. പ്രാവോടുകൂടെയുള്ള കുഞ്ഞാട് ദൈവത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുന്നതിൽ വളരെ നിർണ്ണായകമാണ്. ദൈവത്തിനും മനുഷ്യനും ഇടയിൽ ഒരു പ്രശ്നം, പാപമെന്ന പ്രശ്നം ഉണ്ടായിരുന്നു. ഒരു കുറവും മനുഷ്യനുണ്ടായിരുന്നു: ജീവന്റെ കുറവ്. മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം അവന് ജീവൻ ഉണ്ടാകണം എന്നതാണ്. എന്നാൽ, പാപം ഉണ്ട്, പക്ഷേ ജീവൻ ഇല്ല. അതിനാൽ, പാപത്തെ നീക്കുന്നതിനായി കുഞ്ഞാടു വന്നു. കുഞ്ഞാട് പാപത്തെ നീക്കി, പാപത്തിന്റെ പ്രശ്നം പരിഹരിച്ചു. അപ്പോൾ ജീവന്റെ കാര്യമോ? ജീവൻ പകരുവാനായി പ്രാവ് വന്നു. ഹല്ലേലൂയ്യാ! പാപം നീക്കപ്പെടുകയും ജീവൻ പകരപ്പെടുകയും ചെയ്തു! പാപം നീങ്ങി ജീവൻ വന്നിരിക്കുന്നു.

ഇതാണ് വീണ്ടെടുപ്പും അഭിഷേകവും. വീണ്ടെടുപ്പ് നമ്മുടെ പാപത്തെ നീക്കിക്കളയുകയും അഭിഷേകം ജീവനും ജീവസഹായവും ഉള്ളിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നു. നാം വീണ്ടെടുക്കപ്പെടുകയും ആത്മാവിന്റെ അഭിഷേകത്തിൻ കീഴിൽ ആയിരിക്കുകയും ചെയ്യുന്നതിനാൽ, നമുക്കു പാപത്തിന്റെ പ്രശ്നവുമില്ല, ജീവന്റെ കുറവുമില്ല. പാപത്തെ നീക്കി ജീവൻ പകർന്നതിന്റെ ഫലമായി, നാം രൂപാന്തരത്തിന്റെ പ്രക്രിയയിലാണ്. അഭിഷേചിക്കുന്ന ആത്മാവിന്റെ വേലയാണ് രൂപാന്തരം. നമ്മെ വീണ്ടുംജനിപ്പിച്ചതിനുശേഷം, ആത്മാവ് നമ്മുടെ ഉള്ളിൽ പ്രവർത്തിച്ചുകൊണ്ട് നമ്മെ കല്ലുകളായി രൂപാന്തരപ്പെടുത്തുന്നു. നമ്മുടെ സ്വാഭാവിക ജനനത്താൽ നാം കല്ലുകളല്ല, കളിമണ്ണാണ്. വീണ്ടുംജനിച്ചതുമൂലം നാം രൂപാന്തരപ്രക്രിയയിൻ കീഴിലാണ്. കാരണം, വീണ്ടുംജനിപ്പിക്കുന്ന ആത്മാവ് ഇപ്പോൾ രൂപാന്തരപ്പെടുത്തുന്ന ആത്മാവാണ്.

നാം രൂപാന്തരപ്പെട്ട് ആയിത്തീരുന്ന കല്ലുകൾ, ദൈവഭവനത്തിന്റെ കെട്ടുപണിക്കുള്ളവയാണ്. യോഹന്നാൻ 1 -ൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവഭവനത്തിന്റെ കെട്ടുപണി ചുരുക്കം ക്രിസ്ത്യാനികൾ മാത്രമേ കണ്ടിട്ടുള്ളൂ. ഈ അദ്ധ്യായത്തിലെ ജീവന്റെ വിഷയത്തെക്കുറിച്ച് അനേകം ക്രിസ്തീയ പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും, അവരിൽ എല്ലാവരുംതന്നെ ലക്ഷ്യം വിട്ടുകളഞ്ഞിരിക്കുന്നു. ലക്ഷ്യം ജീവനല്ല, ലക്ഷ്യം കെട്ടുപണിയാണ്. അത് ദൈവത്തിന്റെ കെട്ടുപണി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമമാണ്. അതായത്, ജീവൻ കെട്ടുപണിക്കുവേണ്ടിയാണ്; അത് കെട്ടുപണി നിലനിർത്തുന്നു, എന്നാൽ ജീവനല്ല ലക്ഷ്യം. ദൈവഭവനത്തിന്റെ കെട്ടുപണിയാണ് ദൈവത്തിന്റെ ലക്ഷ്യം.

മനുഷ്യൻ കർത്താവിലേക്ക് ആകർഷിക്കപ്പെടുവാനും അവനെ പിന്തുടരുവാനും തുടങ്ങിയപ്പോൾ കർത്താവിന് ഉള്ളിൽ ഈ ലക്ഷ്യം

ഉണ്ടായിരുന്നു. യോഹന്നാൻ 1 അനുസരിച്ച് ഒരു വലിയ ജനക്കൂട്ടം കർത്താവിനെ പിന്തുടർന്നില്ല. അഞ്ച് ശിഷ്യന്മാർ മാത്രമേ അവനെ പിന്തുടർന്നുള്ളൂ. ഒരുപക്ഷേ ഇതിൽ യോഹന്നാൻ സ്നാപകൻ നിരാശപ്പെട്ടിരിക്കാം. അവൻ ഇങ്ങനെ പ്രസ്താവിച്ചു,"ഇതാ ദൈവത്തിന്റെ കുഞ്ഞാട്."ഈ പ്രസ്താവനയുടെ ഫലമായി രണ്ട് ശിഷ്യന്മാർ മാത്രമേ കർത്താവായ യേശുവിനെ പിന്തുടർന്നുള്ളൂ. കർത്താവിന്റെ പ്രത്യുദ്ധാരം വളരെ പതുക്കെ മാത്രമേ നീങ്ങുന്നുള്ളുവെന്ന് നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ, ഞാൻ നിങ്ങളോട് കർത്താവായ യേശുവിനെ അനുഗമിച്ചവർ എത്രയെന്ന് നോക്കുവാൻ ആവശ്യപ്പെടുന്നു. കർത്താവിന്റെ മൂന്നര വർഷത്തെ ശുശ്രൂഷയുടെ അവസാനത്തിൽ 120 പേരെ മാത്രമേ അവൻ നേടിയുള്ളൂവെന്ന് പ്രവൃത്തികൾ 1 നമ്മോട് പറയുന്നു. ഒരു പ്രസ്ഥാനം കർത്താവ് ആഗ്രഹിക്കുന്നില്ല. ഒരു പ്രസ്ഥാനത്തിന് കൂൺപോലെ പെട്ടെന്നുള്ള വളർച്ച ഉണ്ടാകും. ഒരു രാത്രി കൊണ്ട് അതു വളരുകയും വർദ്ധിക്കുകയും ചെയ്യും. എങ്കിലും, കർത്താവിന്റെ വഴി കൂൺപോലെ പെട്ടെന്നുള്ള വളർച്ചയല്ല, പിന്നെയോ നിലത്തു വിതച്ച ഒരു വിത്ത് സമയമെടുത്ത് വളരുന്നതു പോലെയാണ്. അതുകൊണ്ട്, യോഹന്നാൻ 1 ഒരു വലിയ പ്രസ്ഥാനത്തെയല്ല ജീവന്റെ ഇടുങ്ങിയ വഴിയുടെ രേഖ നമുക്ക് തരുന്നു. ആരംഭത്തിൽ രണ്ടുപേർ മാത്രം അവനെ പിന്തുടർന്നു. അതിനു ശേഷം ശിമോനും ഫിലിപ്പോസും, നഥനയേലും വന്നു. എണ്ണത്തിൽ കുറവായിരുന്നെങ്കിൽതന്നെയും അവിടെ ഒരു കല്ലും ദൈവത്തിന്റെ ഭവനവുമുണ്ടായിരുന്നു. അതുകൊണ്ട്, യേശുവിനെ അനുഗമിക്കുന്ന ആളുകളുടെ എണ്ണത്തിലല്ല കാര്യം, കെട്ടുപണിക്ക് വേണ്ടിയുള്ള കല്ലുകളാണ് കാര്യം. കല്ലുകൾ ഉള്ളിടത്തോളം കാലം ദൈവഭവനം കെട്ടുപണി ചെയ്യാനുള്ള സാധ്യതയുണ്ട്. ആളുകളുടെ എണ്ണത്തെ ദൈവം ഗണ്യമാക്കുന്നില്ല. കല്ലുകളിലും കെട്ടുപണിയിലുമാണ് അവൻ താല്പര്യപ്പെടുന്നത്. ഇതാണ് ദൈവത്തിന്റെ ഇന്നത്തെ ആവശ്യം. ദൈവഭവനത്തിന്റെ കെട്ടുപണിക്കായി കല്ലുകളായി രൂപാന്തരപ്പെടുന്ന ജനത്തെയാണ് അവന് ആവശ്യം.

യാക്കോബിന്റെ സ്വപ്നത്തെക്കുറിച്ച് കർത്താവ് നഥനയേലിനോട് സംസാരിച്ചു. യാക്കോബ് സ്വപ്നം കണ്ടതായ ദൈവത്തിന്റെ ഭവനം എവിടെയാണ്? ഈ സ്വപ്നം യാക്കോബിന് വെളിപ്പെട്ടപ്പോൾ അവൻ ഭവനരഹിതനും അലഞ്ഞുതിരിയുന്നവനുമായിരുന്നു. മനുഷ്യൻ ഭവനരഹിതനായിരിക്കുമ്പോൾ, ദൈവവും ഭവനരഹിതനാണ്. ആ സമയം യാക്കോബിന് ഒരു ഭവനം ആവശ്യമായിരുന്നു, അപ്പോൾ ദൈവത്തിനും ഒരു ഭവനം ആവശ്യമായിരുന്നു. അതുകൊണ്ട്, ദൈവം ഒരു സ്വപ്നത്തിലൂടെ യാക്കോബിന് ഈ വെളിപ്പാട് നൽകി. എണ്ണ പകരപ്പെട്ട ഒരു കല്ല് ഉള്ളപ്പോൾ മാത്രമേ ദൈവഭവനം സാക്ഷാത്കരി

ക്കുകയുള്ളൂ. വീണ്ടുംജനിച്ച് രൂപാന്തരപ്പെട്ട ദൈവജനത്തെ കല്ല് പ്രതിനിധാനം ചെയ്യുന്നുവെന്നും, ദൈവം ആത്മാവായി മനുഷ്യനിലേക്ക് വരുന്നതിനെ എണ്ണ പ്രതിനിധാനം ചെയ്യുന്നുവെന്നും, ഇതിനകം ഞങ്ങൾ സൂചിപ്പിച്ചു കഴിഞ്ഞു. രൂപാന്തരപ്പെട്ട ജനത്തിലേക്ക് ആത്യന്തികമായി ദൈവം പറ്റിച്ചേരുമ്പോൾ, ദൈവത്തിന് ഒരു ഭവനമുണ്ടായിരിക്കും. നമ്മുടെ പാപങ്ങളിൽനിന്ന് നമ്മെ വീണ്ടെടുക്കുകയും ദൈവത്തോട് നമ്മെ യോജിപ്പിക്കുകയും ചെയ്യുവാൻ പ്രാവോടുകൂടെ കുഞ്ഞാടായിത്തീർന്നതിലൂടെ ക്രിസ്തു ഇത് നിർവഹിച്ചു. ഈ നിർവ്വഹണത്തിലൂടെ, നമുക്ക് ദൈവഭവനത്തിനുള്ള രൂപാന്തരപ്പെട്ട കല്ലുകളായിത്തീരുവാൻ കഴിയും. സ്വർഗ്ഗീയ കോവണി എന്ന നിലയിൽ മനുഷ്യപുത്രന് ഭൂമിയെ സ്വർഗ്ഗവുമായി ബന്ധിപ്പിക്കുവാനും ദൈവത്തെ മനുഷ്യനുമായി ഇഴുകിച്ചേർക്കുവാനും സാധിക്കും. ദൈവത്തിന്റെ ആത്യന്തികലക്ഷ്യം, പരിശുദ്ധാത്മാവിനാൽ മനുഷ്യപുത്രനിൽ ദൈവത്തോടു ഒന്നായിച്ചേർന്ന വീണ്ടുംജനിച്ചവരും രൂപാന്തരപ്പെട്ടവരുമായ വ്യക്തികളാൽ കെട്ടുപണി ചെയ്യപ്പെട്ട ഒരു ഭവനം ഉണ്ടാകുക എന്നതാണ് എന്ന് ഇവിടെ നമുക്ക് മനസ്സിലാക്കാം. ദൈവത്തിന്റെ തേജസ്സുള്ള ജീവനുള്ള കല്ലുകളുടെ കെട്ടുപണിയായ പുതിയ യെരുശലേമിന്റെ ഒരു ചിത്രമാണിത്. വരുവാനുള്ള നിത്യതയിൽ ദൈവത്തിന്റെ വേലയുടെ ആത്യന്തികമായ പരിണതി ദൈവത്തിന്റെ ഈ വാസസ്ഥലത്തിന്റെ യഥാർത്ഥമായ അസ്തിത്വമാണ്.

നാം മതപരമായ എല്ലാധാരണകളും ത്യജിച്ച്, ദിവ്യധാരണയായ, പ്രാവോടുകൂടെയുള്ള കുഞ്ഞാടും, പരിശുദ്ധാത്മാവോടുകൂടെയുള്ള വീണ്ടെടുപ്പുകാരനുമായ, ക്രിസ്തുവിനെ സ്വീകരിക്കണം. വീണ്ടുംജനിപ്പിക്കുന്ന രൂപാന്തരപ്പെടുത്തുന്ന, ഒരുമിപ്പിക്കുന്ന ശക്തിയായ പരിശുദ്ധാത്മാവോടുകൂടെയുള്ള വീണ്ടെടുപ്പുകാരനാണ് ക്രിസ്തു. ക്രിസ്തുവിന്റെ ആത്മാവ് നമ്മെ വീണ്ടുംജനിപ്പിക്കുകയും രൂപാന്തരപ്പെടുത്തുകയും നമ്മെ ദൈവത്തോടും പരസ്പരവും ഒന്നാക്കുകയും ചെയ്യുന്നു. ദൈവത്തിനുവേണ്ടി കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കുകയും ദൈവത്തെ സന്തോഷിപ്പിക്കുവാൻ നല്ലത് ചെയ്യുവാൻ പരിശ്രമിക്കുകയും ചെയ്യുക എന്ന മതപരമായ ധാരണകൾ നാം മറക്കണം. ദൈവത്തിന്റെ ഉദ്ദേശ്യം നമ്മെ വീണ്ടുംജനിപ്പിച്ച്, കല്ലുകളാക്കി രൂപാന്തരപ്പെടുത്തുക-അതായത്, നമ്മെ ശിമോനിൽനിന്ന് കേഫാവായി മാറ്റുക എന്നതാണെന്ന് നാം കാണണം. പ്രാവോടുകൂടെ ദൈവത്തിന്റെ കുഞ്ഞാടിലേക്ക് ആകർഷിക്കപ്പെടുന്ന എല്ലാവരും ദൈവഭവനത്തിനുവേണ്ടിയുള്ള കല്ലുകളായി രൂപാന്തരപ്പെടും. ദൈവം ആഗ്രഹിക്കുന്ന ആ ഒരു ഭവനമായി നാം എല്ലാവരും രൂപാന്തരപ്പെട്ട്, ചേർത്തു പണിയപ്പെടണം എന്നത് മാത്രമാണ് നമുക്ക് ആവശ്യമായിരിക്കുന്നത്, എന്ന ദർശനം നമുക്ക് ഉണ്ടായിരിക്കണം. ദൈവം ഇത്